# ജലയുദ്ധകാലത്ത് ഇസ്‌ലാമിന്റെ ഇടപെടൽ

**"നമുക്ക്** പരാജയപ്പെടുത്താൻ അതിശക്തമായ നദികളുണ്ട്. നമുക്ക് ഭൂഗോളത്തിനുമേൽ നെഞ്ചു വിരിച്ച് നിൽക്കണം. നാശം, അതിനായാണ് നാം ഇവിടെ വന്നത്." 1944-ൽ ഷസ്ത ഡാം നിർമിക്കുന്നതിനായി സക്രമെന്റൊ നദിയുടെ ഒഴുക്ക് തടയുന്നതിനെപ്പറ്റി വിശദീകരിച്ചുകൊണ്ട്, നിർമാണത്തിന്റെ മുഖ്യ ചുമതലക്കാരനായ ഫ്രാൻസിസ് ക്രോസ് പറഞ്ഞതാണിത്. തിയോഡോർ റൂസ്‌വെൽറ്റിന്റെ കാലത്തെ, ജലപദ്ധതികളുടെ മുഖ്യ ഉപദേഷ്ടാവായിരുന്ന ഡബ്ലിയു.ജെ. മാക്ഗീ 'മനുഷ്യൻ പ്രകൃതിയുടെ മേലാളവുന്നതിനു മുമ്പ് അവശേഷിക്കുന്ന ഏക കാൽവെപ്പ് വെള്ളത്തിനുമേലുള്ള നിയന്ത്രണമാണെ'ന്ന് പ്രഖ്യാപിക്കുകയുണ്ടായി.

ദൈവം സംവിധാനിച്ച അമൂല്യമായ പ്രകൃതിവിഭവങ്ങൾക്കു മേൽ സയൻസിന്റെയും സാങ്കേതികവിദ്യയുടെയും അകമ്പടികളോടെ സർവാധിപത്യം സ്ഥാപിക്കുകയും യഥാർഥ അവകാശികളെ അടിച്ചമർത്തി വിഭവങ്ങൾ കൊള്ള ചെയ്ത് ലാഭം കൊയ്യുകയും ചെയ്യുന്ന മുതലാളിത്തത്തിന്റെ സംഹാരാത്മകതയെ അടയാളപ്പെടുത്തുന്നതാണ് ഫ്രാൻസിസ് ക്രോസിന്റെയും ഡബ്ല്യു.ജെ. മാക്ഗീയുടെയും വാക്കുകൾ. ദൈവത്തിന്റെ വരദാനമായ അസംഖ്യം അനർഘ വിഭവങ്ങളാൽ സമ്പന്നമാണ് പ്രപഞ്ചം. അവയിലേറ്റവും പ്രധാനമാണ് വായുവും വെള്ളവും. അന്തരീക്ഷ മലിനീകരണം ദ്രുതഗതിയിൽ 'പുരോഗതി' പ്രാപിച്ചുകൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ ശുദ്ധവായു സമീപഭാവിയിലെ വ്യാപാര സാധ്യതയാണ്! എന്നാൽ വെള്ളത്തിന്റെ കച്ചവടം ഏറ്റവും ലാഭകരവും അനന്തസാധ്യതകളുള്ളതുമായ ഘട്ടത്തിലേക്ക് പ്രവേശിച്ചുകഴിഞ്ഞിരിക്കുകയാണിപ്പോൾ.

ജലസ്രോതസ്സുകൾക്കു മേൽ കുത്തകകൾ ആധിപത്യമുറപ്പിച്ചും ജലവിതരണ സംവിധാനങ്ങൾ സ്വകാര്യവത്കരിച്ചും കുപ്പിവെള്ള വ്യവസായം കുടിവെള്ളത്തെ റാഞ്ചിയെടുത്തും വെള്ളക്കച്ചവടം വിജയത്തിൽനിന്ന് വിജയത്തിലേക്ക് കുതിക്കുകയാണ്. ആഗോളതാപനത്തിന്റെയും കാലാവസ്ഥാ വ്യതിയാനത്തിന്റെയും ഫലമായുണ്ടാകുന്ന ജലദൗർലഭ്യതയും വരൾച്ചയും ഭീകരമാംവിധം വർധിച്ച മലിനീകരണവും മറ്റും കാരണമായുള്ള ശുദ്ധജലക്ഷാമവും, ആഡംബരവും പൊങ്ങച്ചവും മുഖമുദ്രയാക്കിയ ആധുനിക മനുഷ്യന്റെ മുതലാളിത്ത ജീവിതരീതിയുമെല്ലാം വെള്ളക്കച്ചവടത്തിന്റെ ലാഭസാധ്യതകൾ ഉറപ്പുവരുത്തുന്നു. രാഷ്ട്രീയവും സാമ്പത്തികവുമായ മാനങ്ങളുള്ള ഒന്നായി ഇന്ന് വെള്ളം മാറിക്കഴിഞ്ഞു. അയൽകുടുംബങ്ങൾക്കും രാഷ്ട്രങ്ങൾക്കുമിടയിൽ വെള്ളത്തിന്റെ പേരിൽ നിലനിന്നിരുന്ന സംഘർഷങ്ങൾ, ദേശീയ-അന്തർദേശീയ തലങ്ങളുള്ള ആഗോളജലയുദ്ധത്തിന്റെ വാതിലുകൾ തുറന്നിരിക്കുകയാണ്! പക്ഷേ, ഏതാനും പരിസ്ഥിതി പ്രസ്ഥാനങ്ങളെയും സംഘടനകളെയും മാറ്റിവെച്ചാൽ മഹാഭൂരിപക്ഷം വരുന്ന പൊതുസമൂഹത്തിന്റെ സജീവമായ ചർച്ചയിലേക്ക് അർഹിക്കുന്ന ഗൗരവത്തോടെ ഈ വിഷയം കടന്നുവന്നിട്ടില്ല. കുത്തക-സ്വകാര്യവത്കരണത്തിന്റെ ഇരകൾ ലോകത്തിന്റെ പല ഭാഗങ്ങളിലും ഏറക്കുറെ വിജയകരമായ ചെറുത്തുനിൽപുകൾ നടത്തുന്നുണ്ട്. പക്ഷേ, സംഘടിത സ്വഭാവമുള്ള ബഹുജന പ്രസ്ഥാനങ്ങളായി ദേശീയതലങ്ങളിൽ അവ രൂപം പ്രാപിച്ചിട്ടില്ല.

### വെള്ളത്തിന്റെ ഉടമസ്ഥത

"1890-കളുടെ അവസാനത്തിൽതന്നെ ലോസ് ആഞ്ചൽസിലെ പ്രാദേശിക ജലവിതരണം ടാപ്പുകൾ വഴിയായിരുന്നു. നഗരത്തിലെ ഉദ്യോഗസ്ഥർ, അടുത്തുള്ള ഓർഡ് വാലിയിൽ രഹസ്യമായി ഭൂമിയും ജലാവകാശവും വാങ്ങാൻ തുടങ്ങിയിരുന്നു. 1907-ൽ സീറമഡ്രെ നദിയുടെ കിഴക്കൻ ഭാഗത്തേക്കുള്ള ഒഴുക്കിനെ തിരിച്ചുവിടാൻ 238 മൈലുള്ള ഒരു നീർച്ചാൽ നിർമിക്കാനുള്ള ധനസമാഹരണത്തിനായി ബോണ്ടുകൾ വിതരണം ചെയ്തു. കൃഷിയിടങ്ങളിൽനിന്ന് നഗരത്തിലേക്ക് വെള്ളം കൈമാറാനുള്ള രഹസ്യകരാർ ഓവൻവാലിയിലെ താമസക്കാരും ലോസ് ആഞ്ചൽസിലെ ജല ഉപഭോക്താക്കളും തമ്മിലുള്ള സംഘർഷം പെരുകാൻ കാരണമായി. സ്വകാര്യ-പൊതു നിക്ഷേപത്തിന്റെ ശക്തിയും ആർമിയുടെ പിൻബലവും ഉപയോഗിച്ചാണ് തദ്ദേശവാസികളുടെ ജലസ്രോതസ്സുകൾ പിടിച്ചെടുക്കാൻ അവർ ശ്രമിച്ചത്. 1924-ൽ, ഓവൻ വാലി നിവാസികൾ ഒരു നീർച്ചാൽ തകർക്കുകയും ലോസ് ആഞ്ചൽസിലേക്ക് വെള്ളം തിരിച്ചുവിടുന്നത് തടയുകയും ചെയ്തു. അവിടെ വെള്ളത്തിനായുള്ള യുദ്ധം ആരംഭിച്ചു. പന്ത്രണ്ട് തവണ നീർച്ചാൽ തകർക്കപ്പെട്ട ശേഷം കണ്ടാൽ വെടിവെക്കാനുള്ള ഉത്തരവുമായി സൈന്യം നീർച്ചാലിന് കാവൽനിന്നു. 1926-ൽ സെയിന്റ് ഫ്രാൻസിസ് ഡാം നിർമിച്ചെങ്കിലും ഏറെ താമസിയാതെ അത് തകർന്ന് 400 പേർ കൊല്ലപ്പെട്ടു. 1929-ലെ വരൾച്ചാകാലത്ത് ഭൂഗർഭജലം പമ്പുചെയ്യാൻ തുടങ്ങിയെങ്കിലും ഓവൻ തടാകത്തിന്റെ എഴുപത്തിയഞ്ച് സ്ക്വയർ മൈൽ വറ്റിവരണ്ടു. പുതിയ ജലക്ഷാമങ്ങൾ പുതിയ സംഘർഷങ്ങൾ സൃഷ്ടിച്ചു. 1976-ൽ ഈ നീർച്ചാൽ വീണ്ടും ബോംബ് വെച്ച് തകർക്കപ്പെട്ടു."

വെള്ളത്തിനു മേലുള്ള ഉടമസ്ഥാവകാശത്തർക്കം രക്തച്ചൊരിച്ചിലിലേക്ക് നയിച്ചതിന്റെ അനേകം ഉദാഹരണങ്ങളിലൊന്നാണിത്.

ദൈവം നൽകിയ പ്രകൃതിവിഭവം എന്നതിൽനിന്ന് കമ്പോളത്തിൽ വിലയിട്ടു വിൽക്കാവുന്ന ഒരു ചരക്കായി മുതലാളിത്തം വെള്ളത്തെ മാറ്റിയിരിക്കുന്നു. സന്തുലിതമായി വിതരണം ചെയ്യേണ്ടുന്ന, സമൂഹത്തിലെ അംഗങ്ങൾക്കെല്ലാം അവകാശപ്പെട്ട പൊതുസ്വത്ത് എന്നതല്ല, കുത്തകകൾക്ക് വൻ വിലയ്ക്ക് വിൽക്കാവുന്ന സ്വകാര്യ സ്വത്ത് എന്നതാണ് വെള്ളത്തെക്കുറിച്ച പുത്തൻ കാഴ്ചപ്പാട്. നെസ്‌ലെ, പെപ്സി, ഡാനോൺ, കൊക്കക്കോള തുടങ്ങിയ ബഹുരാഷ്ട്ര കുത്തക ഭീമന്മാർ ലോകമെങ്ങുമുള്ള ജലസ്രോതസ്സുകൾ കൈയടക്കി കൊള്ള ചെയ്യുന്നതും വേൾഡ് ബാങ്ക്, ഐ.എം.എഫ്, എ.ഡി.ബി പോലുള്ള അന്താരാഷ്ട്ര സാമ്പത്തിക ഏജൻസികൾ 'ധനസഹായം' നൽകുന്നതിന്റെ മറവിൽ ചൂഷണവ്യവസ്ഥകൾ അടിച്ചേൽപിച്ച് കുത്തക ഭീമന്മാർക്ക് പ്രകൃതി വിഭവങ്ങൾ പിടിച്ചടക്കാൻ വഴിയൊരുക്കുന്നതും വെള്ളം വിപണനം ചെയ്യേണ്ടുന്ന ചരക്കാണെന്ന മുതലാളിത്ത വീക്ഷണത്തിന്റെ അടിസ്ഥാനത്തിലാണ്. ജനങ്ങളുടെ മൗലികാവകാശങ്ങൾ സംരക്ഷിക്കേണ്ട 'ജനാധിപത്യ' ഗവൺമെന്റുകൾ ഇത്തരം അധിനിവേശ ശക്തികളുടെ റാൻമൂളികളായി കൂട്ടിക്കൊടുപ്പുകാരുടെ വേഷം കെട്ടുന്നതോടെ ചിത്രം പൂർണമാകുന്നു.

മാർഗരറ്റ് താച്ചർ ഇംഗ്ലണ്ടിൽ ജലം സ്വകാര്യവത്കരിക്കാനുള്ള പദ്ധതി 1989-ൽ പ്രഖ്യാപിച്ചു. സ്വകാര്യ കമ്പനികൾ

ക്ക് ജലാധികാരം ലഭിക്കുന്നതിലേക്കാണിത് നയിച്ചത്. ജലസ്വകാര്യവത്കരണത്തിന്റെ തുടക്കമായിരുന്നു ഇതെന്ന് ആം ജോഹൽ നിരീക്ഷിച്ചിട്ടുണ്ട്. '90-കളോടെ 12 രാഷ്ട്രങ്ങളിൽ പ്രവർത്തനമാരംഭിച്ച ജലഭീമന്മാർ 2000-ത്തോടെ സ്വകാര്യ വാട്ടർ കോർപറേഷനുകളുടെ രൂപത്തിൽ നൂറോളം രാജ്യങ്ങളിലേക്ക് പ്രവർത്തനം വ്യാപിപ്പിച്ചു. 2000-ൽ നെതർലാന്റിലെ ദെർഹാഗിൽ വെച്ചു നടന്ന രണ്ടാം ലോക വാട്ടർ ഫോറം ആഗോള ജലസ്വകാര്യവത്കരണം ത്വരിതഗതിയിലാക്കാൻ പദ്ധതികളാവിഷ്കരിച്ചു. 'ലോകത്ത് ഏറ്റവും കൂടുതൽ ബിസിനസ് സാധ്യതയുള്ള ഉൽപന്നം ഇനി ജലമായിരിക്കു'മെന്നാണ് 2000 മെയിൽ *ഫോർച്യൂൺ* മാസിക പ്രവചിച്ചത്.

ജലകമ്പനികളും വേൾഡ് ബാങ്ക്, എ.ഡി.ബി തുടങ്ങിയവയും കൈകോർത്ത് പങ്കാളിത്ത സ്വഭാവത്തോടെയാണ് ജലചൂഷണവും വ്യാപാരവും നടത്തിക്കൊണ്ടിരിക്കുന്നത്. സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ മൂന്നാം ലോകരാജ്യങ്ങൾ തങ്ങളുടെ ജലസമ്പത്ത് അന്താരാഷ്ട്ര കമ്പനികൾക്ക് വിൽക്കണമെന്നാണ് വേൾഡ് ബാങ്കും ഐ.എം.എഫും എ.ഡി.ബിയും ആവശ്യപ്പെടുന്നത്. ജലവിതരണം സ്വകാര്യ കമ്പനികളെ ഏൽപിക്കാതെ ജലക്ഷാമം പരിഹരിക്കാനാവില്ലെന്നും അത്തരം പദ്ധതികൾക്ക് 'നിബന്ധനകൾ'ക്കു വിധേയമായി ധനസഹായം നൽകാമെന്നും അവർ വാഗ്ദാനം ചെയ്യുന്നു. ഈ നിബന്ധനകളിൽ പ്രധാനമാണ് ജല സ്വകാര്യവത്കരണം. ഇത് ജലലഭ്യത കുറക്കുകയും ജലത്തിന് വിലയിടുകയും ക്രമേണ താങ്ങാനാവാത്ത വിധം വില വർധിപ്പിക്കുകയും ചെയ്യും. ജീവിതത്തിന്റെ അടിസ്ഥാനോപാധിയായ ജലം ദരിദ്രർക്കും ഇടത്തരക്കാർക്കും നിഷേധിക്കപ്പെടുകയാവും ഇതിന്റെ ഫലം. ബ്രിട്ടന്റെയും ഘാനയുടെയും മറ്റു രാജ്യങ്ങളുടെയും ദുരന്താനുഭവങ്ങൾ ഇത് സാക്ഷ്യപ്പെടുത്തുന്നു.

2001 ജനുവരിയിൽ പ്രഖ്യാപിച്ച എ.ഡി.ബിയുടെ ജലനയം 'വെള്ളം വൻ വിലയ്ക്ക് വിൽക്കണം, വിൽപന സ്വകാര്യ കുത്തക വഴിയാവണം' എന്ന് പ്രഖ്യാപിക്കുകയുണ്ടായി. 2002 ഏപ്രിലിൽ പുറത്തിറക്കിയ ഇന്ത്യയുടെ ജലനയവും വിവിധ സംസ്ഥാന സർക്കാറുകളും കോർപറേഷനുകളും സ്വീകരിച്ചുവരുന്ന നയനിലപാടുകളും എ.ഡി.ബിയുടെ താൽപര്യങ്ങൾക്ക് അരുനിൽക്കുന്നതാണ്. ഏറ്റവുമൊടുവിൽ കേരള ഗവൺമെന്റ് ഒപ്പുവെച്ച എ.ഡി.ബി കരാറിന്റെ ദുരന്തവും ഇതുതന്നെയായിരിക്കും.

ജലം സമൂഹസ്വത്തായി നിലനിൽക്കുകയും സാമൂഹിക നിയന്ത്രണത്തിനു കീഴിൽ വിതരണം ചെയ്യപ്പെടുകയും ചെയ്ത അവസ്ഥ മാറുകയും ഭരണകൂട നിയന്ത്രണത്തിനു കീഴിലേക്ക് കൊണ്ടുവരികയും ചെയ്തതാണ് സ്വകാര്യവത്കരണത്തിന്റെ തുടക്കം. ജലവിഭവങ്ങൾക്ക് മേൽ ഭരണകൂട നിയന്ത്രണം വന്നതോടെ സമൂഹനിയന്ത്രണം തകർന്നു. പടിഞ്ഞാറൻ രാജ്യങ്ങളിൽ ഇത് സാധിച്ചത് ഭരണകൂടവും സ്വകാര്യ സംരംഭകരും തമ്മിൽ കൂട്ടുചേർന്നുകൊണ്ടാണ്. മൂന്നാം ലോക രാജ്യങ്ങളിലാകട്ടെ വൻകിട ജലപദ്ധതികൾക്കുള്ള ലോക ബാങ്ക് വായ്പയുടെ രൂപത്തിലാണിത് ആരംഭിച്ചത്. 'ആധുനിക ഇന്ത്യയുടെ ദേവാലയങ്ങൾ' എന്ന് വിശേഷിപ്പിച്ചുകൊണ്ട് ജവഹർ ലാൽ നെഹ്റു വൻകിട അണക്കെട്ടുകൾ പണിയാൻ തീരുമാനിച്ചു. ലോകബാങ്കിന്റെ ധനസഹായത്തോടെയാണ് സ്വതന്ത്ര ഇന്ത്യയിലെ മിക്കവാറും എല്ലാ അണക്കെട്ടുകളും നിർമിച്ചത്. എന്നാൽ ഇവ സംഭാവന ചെയ്ത ഗുണത്തേക്കാൾ കൂടുതലായിരുന്നു ഇവ മൂലമുണ്ടായ നാശങ്ങൾ എന്ന് പല പഠനങ്ങളും തെളിയിക്കുകയുണ്ടായി. നദികളുടെ സ്വാഭാവിക ഒഴുക്കിനെ തടഞ്ഞുനിർത്തിയത് വമ്പിച്ച പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിച്ചു. വരൾച്ചക്കും വെള്ളപ്പൊക്കത്തിനും ഒരേസമയം ഇതുകാരണമായി. വന-കൃഷി ഭൂമിയുടെ നാശം, ലക്ഷക്കണക്കിന് ജനങ്ങളുടെ കുടിയൊഴിപ്പിക്കൽ, ഗവൺമെന്റിന് വരുത്തിവെച്ച വൻ സാമ്പത്തികബാധ്യതകൾ തുടങ്ങിയവ ഉദാഹരണം. നദികളുടെ നിയന്ത്രണം ഭരണകൂടത്തിന്റെ കൈകളിലെത്താനും അതുവഴി സ്വകാര്യവത്കരണവും കുത്തകകളുടെ ആധിപത്യവും സ്ഥാപിക്കാനും ഇത് കാരണമായിത്തീർന്നു. വെള്ളം വിൽപനയുടെ തുടക്കമായി വേണം ഇതിനെ കാണാൻ. പിന്നീടാണ് ബഹുരാഷ്ട്ര കുത്തകകൾ കടന്നുവന്നത്. ആദ്യഘട്ടത്തിൽ ശീതളപാനീയങ്ങളുടെയും പിന്നീട് കുപ്പിയിലാക്കിയ കുടിവെള്ളത്തിന്റെയും വ്യവസായ സാധ്യതകൾ മനസ്സിലാക്കിയ ഭീമൻ കമ്പനികൾ ജലസ്രോതസ്സുകൾക്കു മേൽ ആധിപത്യം നേടാൻ ശ്രമം തുടങ്ങി. പല കാരണങ്ങളാൽ അവർക്കതിൽ വിജയിക്കാനും സാധിച്ചു. വൻകിട കമ്പനികൾ സ്ഥാപിച്ച് ഭൂഗർഭജലം മുഴുവൻ ഊറ്റിയെടുത്ത് വിറ്റ് കാശാക്കാൻ കുത്തകകൾ മത്സരിച്ചുകൊണ്ടിരിക്കുകയാണിപ്പോൾ. ആയിരങ്ങളുടെ മുതൽമുടക്കിൽ കോടികളുടെ ലാഭമാണ് ഇത്തരം കമ്പനികൾ നേടിക്കൊണ്ടിരിക്കുന്നത്.

വെള്ളത്തിന്റെ മാത്രം കാര്യമെടുക്കുക. 1970-കളിൽ നൂറുകോടി ലിറ്റർ വെള്ളമാണ് വിറ്റതെങ്കിൽ 1980-ൽ മൊത്തം വിൽപന 750 കോടി ലിറ്ററായി കുതിച്ചുയർന്നു. 2003-ൽ വിറ്റഴിഞ്ഞത് 3000 കോടി ഗ്യാലൻ. 1999-2000-ൽ വിറ്റുവരവ് 2200 കോടി ഡോളറായിരുന്നെങ്കിൽ 2003-ൽ ഇത് 3500 കോടി ഡോളറായി. ചൂട് വർധിക്കുകയും ജലക്ഷാമം രൂക്ഷമാവുകയും ചെയ്ത പിന്നീടുള്ള വർഷങ്ങളിൽ ഇത് ഏകദേശം ഇരട്ടിയായിട്ടുണ്ടാകും. വില കൊടുക്കാതെ കിട്ടുന്ന പ്രകൃതിവിഭവം വിപണന തന്ത്രങ്ങളിലൂടെ ഒരു ഉൽപന്നമാക്കി വിറ്റഴിക്കുകയാണ് കമ്പനികൾ ചെയ്യുന്നത്. കുപ്പിവെള്ള വ്യവസായത്തിന്റെ സാധ്യതകൾ മനസ്സിലാക്കിയതോടെ ശീതളപാനീയങ്ങളിൽ ഒതുങ്ങിനിന്ന ഒട്ടേറെ കമ്പനികൾ കുപ്പിവെള്ള ബിസിനസ്സിലേക്ക് പ്രവേശിച്ചിരിക്കുന്നു. കച്ചവടം കൊഴുക്കുമ്പോൾ കമ്പനികൾ തമ്മിൽ പോരടിക്കുകയല്ല സഖ്യത്തിലേർപ്പെട്ട് വ്യാപാരം ശക്തിപ്പെടുത്തുകയാണ് ചെയ്യുന്നതെന്ന് നിരീക്ഷകർ പറയുന്നു.

ഈ കമ്പനികൾ നടത്തുന്ന ജലചൂഷണമാണ് ഏറ്റവും ഭീകരം. കമ്പനികൾക്ക് വെള്ളമെടുക്കുന്നതിന് യാതൊരു നിയന്ത്രണവും യഥാർഥത്തിൽ നിലനിൽക്കുന്നില്ല. ചില നിയമങ്ങൾ പല രാജ്യങ്ങളിലുമുണ്ടെങ്കിലും കമ്പനീ ഭീകരതകൾക്കു മുമ്പിൽ അതെല്ലാം നിർവീര്യമായിത്തീരുന്നു. ഭരണാധികാരികളും ഉദ്യോഗസ്ഥരും നീതിന്യായ വ്യവസ്ഥകൾ പോലും ചൂഷകരായ കമ്പനികളുടെ പക്ഷത്ത് നിൽക്കുകയും ജനവിരുദ്ധ നിലപാടുകൾ സ്വീകരിക്കുകയുമാണ് ചെയ്യുന്നത്. 'കൗബോയ്' സാമ്പത്തിക ശാസ്ത്രത്തിന്റെ അടിസ്ഥാനത്തിലാണ് ജലാധികാരം തീരുമാനിക്കപ്പെടുന്നത്. കൈയൂക്കുള്ളവൻ കാര്യക്കാരൻ എന്നതാണ് കൗബോയ് സാമ്പത്തിക ശാസ്ത്രം. ആദ്യകാല കൈയടക്കൽ വഴി വെള്ളത്തിനു മേൽ അധികാരം സ്ഥാപിക്കാൻ ഇതിലൂടെ സാധിക്കുന്നു. ഭൂമിയുടെ ഉടമസ്ഥാവകാശം വെള്ളത്തിനു മേൽ കൂടി അധികാരം നൽകുന്നതാണ് ഇന്ന് പൊതുവെ നിലനിൽക്കുന്നത്. ഒരാൾക്ക്/ കമ്പനിക്ക് സ്വന്തമായുള്ള ഭൂമിയിൽനിന്ന് യഥേഷ്ടം വെള്ളം ശേഖരിക്കാൻ ഇതുവഴി സാധിക്കുന്നു. ജലമെടുക്കാനുള്ള സംവിധാനത്തിന്റെ സ്വഭാവമനുസരിച്ച് വെള്ളമൂറ്റലിന്റെ വ്യാപ്തി വർധിക്കുന്നു. മറ്റുള്ളവർക്ക് അവകാശപ്പെട്ട വെള്ളവും കവർന്നെടുക്കാൻ ഇതിലൂടെ സാധിക്കും. അതാണിന്ന് ലോകമെങ്ങും ജലകമ്പനികൾ ചെയ്തുകൊണ്ടിരിക്കുന്നത്. ജലസമൃദ്ധി അനുഭവിക്കുകയോ കുടിവെള്ളദൗർലഭ്യം ഇല്ലാതിരിക്കുകയോ ചെയ്ത പല പ്രദേശങ്ങളെയും കടുത്ത ജലക്ഷാമത്തിലേക്ക് തള്ളിവിട്ടത് ഇത്തരം ജലമൂറ്റലുകളാണ്. കമ്പനികൾ സൃഷ്ടിക്കുന്ന മലിനീകരണം ഇതിനു പുറമെയാണ്. പ്ലാച്ചിമടയിലെ കോളക്കമ്പനി നമുക്ക് അനുഭവിക്കാൻ കഴിഞ്ഞ ഉദാഹരണമാണ്.

ഭരണകൂടങ്ങളുടെ വിവിധ മേഖലകളിൽ ശക്തമായ സ്വാധീനം ചെലുത്തിക്കൊണ്ടാണ് കുത്തകകമ്പനികൾ തങ്ങളുടെ ജലചൂഷണം തുടരുന്നത്. അധികാര സ്ഥാപനങ്ങളെ കൈയിലെടുക്കുന്നതിൽ ജലഭീമന്മാർ വിജയിച്ചിരിക്കുന്നുവെന്നാണ് നിയമനിർമാണസഭകളും നീതിപീഠങ്ങളും ഉൾപ്പെടെയുള്ള അധികാരകേന്ദ്രങ്ങളിൽനിന്ന് ഇവർക്കനുകൂലമായ സമീപനങ്ങൾ അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്നതിൽനിന്ന് തെളിയുന്നത്. പ്ലാച്ചിമടയിലെ കോളകമ്പനിയുടെ ജലചൂഷണത്തെ പറ്റി പഠിക്കാൻ കേന്ദ്ര സർക്കാർ നിശ്ചയിച്ച കേന്ദ്ര ഭൂഗർഭജല വകുപ്പിന്റെ 'കോളക്കമ്പനി അമിതമായി ജലമൂറ്റുന്നില്ല' എന്ന റിപ്പോർട്ട് ഇതിന്റെ സൂചനയാണ്. കമ്പനിക്കനുകൂലമായ കോടതിവിധികളും ഇതോടു ചേർത്തു വായിക്കേണ്ടതാണ്.

രാഷ്ട്രീയക്കാരെ സംഭാവന നൽകി സ്വാധീനിക്കുകയാണ് ഇത്തരം കമ്പനികൾ ചെയ്യുന്നത്. 2002-ലെ അമേരിക്കൻ തെരഞ്ഞെടുപ്പിൽ പോഷകാഹാരം, കൃഷി, വനം എന്നിവയുമായി ബന്ധപ്പെട്ട സെനറ്റംഗങ്ങൾക്ക് പെപ്സിയുടെയും കൊക്കക്കോളയുടെയും വൻ സാമ്പത്തിക സഹായം ലഭിച്ചു. 21-ൽ 14 സെനറ്റംഗങ്ങൾക്കും അത് ലഭിച്ചു. ഇവരുണ്ടാക്കുന്ന നിയമങ്ങൾ ഒരിക്കലും ഈ കമ്പനികൾക്കെതിരാവില്ല! അമേരിക്കയിൽ മാത്രമല്ല എല്ലാ രാജ്യങ്ങളിലും -വിശേഷിച്ച് കൂടുതൽ വിപണനസാധ്യതകളുള്ള ഏഷ്യൻ രാജ്യങ്ങളിൽ- കുത്തകക്കമ്പനികൾ ചെയ്യുന്നത് ഇതുതന്നെയാണ്.

കമ്പനികളുടെ ജലചൂഷണം സൃഷ്ടിക്കുന്ന ജലക്ഷാമത്തിനും പാരിസ്ഥിതിക പ്രശ്നങ്ങൾക്കും പുറമെ മനുഷ്യൻ പ്രകൃതിയോട് കാണിക്കുന്ന പലവിധ ക്രൂരതകളുടെയും ഫലമായി ലോകമിന്ന് കടുത്ത വെള്ളക്ഷാമം അനുഭവിക്കുകയാണ്. പല രാജ്യങ്ങളും കൊടിയ വരൾച്ചയിലേക്കാണ് നീങ്ങുന്നത്. ജലസംഭരണത്തിനു വേണ്ടിയുള്ള ഭൂമിയിലെ ദൈവികസംവിധാനങ്ങളെ മനുഷ്യൻ കൈയേറ്റം ചെയ്തു നശിപ്പിച്ചു. മലകൾ ഇടിച്ചുനിരത്തിയ വയലുകളും കുളങ്ങളും മണ്ണിട്ട് തൂർത്തും പുഴകളിൽനിന്ന് മണലൂറ്റിയും വനങ്ങൾ വെട്ടിനിരത്തിയും മനുഷ്യൻ തന്റെ ജീവജലത്തിനുള്ള സംവിധാനങ്ങൾ തകർത്തുകളഞ്ഞ വൻകിട വ്യവസായ ഫാക്ടറികൾ അന്തരീക്ഷ-ജലമലിനീകരണം തങ്ങളുടെ അവകാശമെന്നോണം തുടർന്നുകൊണ്ടിരിക്കുന്നു. പരിമിതമായി ലഭ്യമായ ശുദ്ധജലത്തെക്കൂടി ഇത് മലിനമാക്കുകയാണ്. ഫലമോ ലോകജനത കടുത്ത ശുദ്ധജലക്ഷാമം അനുഭവിച്ചുകൊണ്ടിരിക്കുന്നു. വൻനഗരങ്ങളിൽ മാത്രമല്ല നാട്ടിൻപുറങ്ങളിലും കുപ്പിവെള്ള വിൽപന സജീവമാകുന്നു. ഗ്രാമങ്ങളിലും പൈപ്പ് ലൈനിട്ട് മീറ്റർ സ്ഥാപിച്ച് കുടിവെള്ളം അളന്ന് വിൽക്കാൻ തുടങ്ങിയിരിക്കുന്നു. ഉള്ള ജലത്തിന്റെ വിതരണം തന്നെയും അനീതിപൂർവകമായാണ് നടന്നുകൊണ്ടിരിക്കുന്നത്.

ലഭ്യമാകുന്ന ജലത്തിന്റെ 90 ശതമാനം ഉപയോഗിക്കുന്നത് 20 ശതമാനം വരുന്ന അതിസമ്പന്നരാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. പല രാജ്യങ്ങളും സാധാരണക്കാർ താമസിക്കുന്ന ഗ്രാമങ്ങളിലല്ല, സമ്പന്നർ ജീവിക്കുന്ന നഗരങ്ങളിലാണ് കൂടുതൽ ജലം വിതരണം ചെയ്യുന്നത്. കോടിക്കണക്കിന് ദരിദ്ര ജനങ്ങൾ ആവശ്യത്തിന് കുടിവെള്ളം പോലും കിട്ടാതെ ദുരിതമനുഭവിക്കുമ്പോൾ അവരുടെ എത്രയോ ഇരട്ടി പേർക്ക് ആവശ്യമായ വെള്ളമാണ് വിനോദവ്യവസായത്തിനു വേണ്ടി ധൂർത്തടിച്ചുകളയുന്നത്. മുംബൈയിലെ ചേരികളിലെ ലക്ഷക്കണക്കിന് സ്ത്രീകൾ ഒരു ബക്കറ്റ് വെള്ളമെടുക്കാൻ ഓരോ ഗ്രാമത്തിലും മൂന്നും നാലും മണിക്കൂർ കാത്തിരിക്കുന്നു. എന്നാൽ മുനിസിപ്പൽ കോർപറേഷന്റെ കണക്കനുസരിച്ച് മുംബൈയിൽ 24 അമ്യൂസ്മെന്റ് / വാട്ടർ തീം പാർക്കുകളുണ്ട്. ഏതാണ്ട് 5000 കോടി ലിറ്റർ വെള്ളമാണ് ദിനംതോറും അവിടെ പാഴാക്കുന്നത്.

### ഇസ്‌ലാമിന്റെ നിലപാട്

ദാഹിക്കുന്നവന് കുടിവെള്ളം കുപ്പിയിലാക്കി വിൽപന നടത്തി പണം കൊയ്യാൻ മുതലാളിത്തം പഠിപ്പിക്കുമ്പോൾ വെള്ളം ദാനം ചെയ്ത് പുണ്യം നേടാനും ജനങ്ങൾക്ക് ശുദ്ധജല വിതരണസംവിധാനങ്ങളൊരുക്കി ദൈവത്തിന്റെ പ്രീതിയും സ്വർഗവും സമ്പാദിക്കാനും ഇസ്‌ലാം ആഹ്വാനം ചെയ്യുന്നു. ജലവിതരണം ലാഭമുണ്ടാക്കാവുന്ന വ്യവസായമാണെന്നല്ല, ആരാധനാപരമായ ജനസേവനമാണെന്നതാണ് ഇസ്‌ലാമിന്റെ അധ്യാപനം. വെള്ളത്തെക്കുറിച്ച് ഇസ്‌ലാമിക കാഴ്ചപ്പാടുകൾക്ക് ഈ ജലയുദ്ധ കാലത്ത് വലിയ പ്രസക്തിയും പ്രാധാന്യവുമുണ്ട്.

1. പ്രപഞ്ചത്തിന്റെ സ്രഷ്ടാവും നിയന്താവും ദൈവമാണ്. അതുകൊണ്ട് പ്രപഞ്ചത്തിലെ മുഴുവൻ വസ്തുക്കളുടെയും സാക്ഷാൽ ഉടമസ്ഥൻ ദൈവമാണ്. ജലത്തിന്റെ മേൽ പരമാധികാരം ദൈവത്തിനു മാത്രമാണുള്ളത് (ഖുർആൻ 16:65, 29:63). കാരണം വെള്ളം നൽകുന്നത് ദൈവമാണ്. ദൈവത്തിന്റെ നിയന്ത്രണങ്ങൾക്കതീതമായി വെള്ളമുണ്ടാക്കാൻ മനുഷ്യന് സാധ്യമല്ല (ഖുർആൻ 67:30, 56:28-29, 18:41). മനുഷ്യൻ ഭൂമിയിൽ ദൈവത്തിന്റെ പ്രതിനിധിയാണ്. വെള്ളത്തിനുമേൽ മനുഷ്യനുള്ളത് പ്രാതിനിധ്യാധികാരം മാത്രമാണ്. പരമമായ ഉടമസ്ഥതയല്ല.

ആധുനിക ലോകം നേരിടുന്ന ജലപ്രതിസന്ധിയുടെ പരിഹാരത്തിന്റെ ഒന്നാമത്തെ അടിത്തറയാകേണ്ടത് ഈ തത്ത്വമാണ്.

2. വെള്ളം മനുഷ്യന്റെ മൗലികാവകാശമാണ്. അതുകൊണ്ട് അത് സമൂഹത്തിന്റെ പൊതുസ്വത്താണ്. 'വെള്ളം, തീ, പുല്ല് എന്നിവ മൗലികാവകാശങ്ങളിൽ പെട്ടതാണെ'ന്ന് മുഹമ്മദ് നബി പ്രഖ്യാപിച്ചിട്ടുണ്ട്. ഭൂമിയുടെ ഉടമസ്ഥന് അതിലെ വെള്ളം ഉപയോഗിക്കാമെങ്കിലും സമൂഹത്തെ പരിഗണിക്കാത്ത അനിയന്ത്രിതമായ അധികാരം വ്യക്തികൾക്കില്ല. അതുകൊണ്ടുതന്നെ ഇന്നത്തെ രീതിയിലുള്ള ചൂഷണാധിഷ്ഠിതമായ ജലസ്വകാര്യവത്കരണത്തെ ഇസ്‌ലാം അംഗീകരിക്കുന്നില്ല.

3. ദൈവം ഭൂമിയിൽ വെള്ളമെത്തിക്കുന്നത് എല്ലാ മനുഷ്യർക്കും ജീവജാലങ്ങൾക്കും ലഭിക്കുന്ന രീതിയിലാണ്. ജലത്തിന്റെ പ്രധാന മാർഗം മഴയാണ്. മഴയെ നിരീക്ഷിച്ചാലറിയാം അത് ചിതറിയ രീതിയിലാണ് ഭൂമിയിലെത്തുന്നത്. മഴ അല്ലാഹുവിന്റെ അനുഗ്രഹമാണെന്ന് ഖുർആൻ പലവുരു ആവർത്തിക്കുന്നുണ്ട് (ഖുർആൻ 22:63). നദികളുടെയും തോടുകളുടെയും ഒഴുക്കും സമുദ്രങ്ങളുടെ കിടപ്പും ഏതെങ്കിലുമൊരു പ്രദേശത്തെ ജനങ്ങൾക്ക് മാത്രം വെള്ളം ലഭിക്കുന്ന രീതിയിലല്ല. ഭൂമിയെ പൊതിഞ്ഞു നിൽക്കുന്ന ഒരു ഘടന അവക്കെല്ലാമുണ്ട്. മഴ പോലെ, നദികളുടെ ഒഴുക്കു പോലെ വെള്ളം വികേന്ദ്രീകരിച്ച് വിതരണം ചെയ്യണം.

4. വെള്ളത്തിന്റെ പൊതുവിതരണ സംവിധാനമാണ് ഇസ്‌ലാമിക നാഗരികതയിലുണ്ടായിരുന്നത്. പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ കിണറുകളും കുളങ്ങളും ജലസേചന സംവിധാനങ്ങളും ഒരുക്കി സേവനം ചെയ്യുകയായിരുന്നു ഇസ്‌ലാമിക ഭരണകൂടങ്ങൾ ചെയ്തത്. അത് വ്യാവസായികാടിസ്ഥാനത്തിലായിരുന്നില്ല, സേവന സ്വഭാവത്തിലായിരുന്നു. ഗവൺമെന്റിന്റെ സേവനമേഖലയിൽ പെട്ടതാണ് ജലവിതരണം.

വെള്ളത്തിന്റെ നീതിപൂർവകമായ വിതരണം ഉറപ്പുവരുത്തേണ്ട ഭരണകൂടം അതിനെതിരുനിൽക്കുന്നവരെ ശക്തമായി നേരിടേണ്ടതാണ്. മറ്റുള്ളവർക്ക് വെള്ളത്തിന്മേലുള്ള അവകാശം തടയാൻ ഒരാൾക്കും അധികാരമില്ല. മുകളിൽനിന്ന് താഴോട്ട് വെള്ളം കൊണ്ടുപോകുന്നത് തടഞ്ഞ കർഷകനോട് ഖലീഫ ഉമർ പ്രഖ്യാപിച്ചു: "നിന്റെ നെഞ്ച് പിളർന്നിട്ടാണെങ്കിലും ഞാൻ താഴ്ഭാഗത്തേക്ക് വെള്ളം കൊണ്ടുപോകും." ആധുനികകാലത്ത് ജ

ലഭീമന്മാരാണ് ഈ കർഷകന്റെ സ്ഥാനത്ത് നിൽക്കുന്നത്.

5. ജനങ്ങൾക്കുവേണ്ടി ജലവിതരണ സംവിധാനമൊരുക്കുന്നത് പ്രതിഫലാർഹമായ ആരാധനാകർമമാണെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു. കിണർ കുഴിക്കുന്നതും തോടും പുഴകളും നിർമിക്കുന്നതും പള്ളി നിർമാണവും വേദഗ്രന്ഥം പാരായണത്തിനു നൽകലും വിജ്ഞാനം പകരലും പോലെ പുണ്യകരമാണെന്ന നബിവചനം വെള്ളം വിൽപനക്കു വെച്ച് ലാഭം കൊയ്യുന്ന കുത്തകകളുടെ ലോകത്ത് സവിശേഷ പ്രാധാന്യമുള്ളതാണ്. മതത്തിന് ആരാധനകൾക്കപ്പുറം മാനവികവും പാരിസ്ഥിതികവുമായ വിഷയങ്ങളിലും നിലപാടുകളുണ്ടെന്ന് ഇത് വ്യക്തമാക്കുന്നു. അനസുബ്നു മാലിക് നിവേദനം ചെയ്ത ഒരു നബിവചനം ഇങ്ങനെയാണ്: നബി പറഞ്ഞു: "മരണാനന്തരം ഒരു ദൈവദാസന് പ്രയോജനം ചെയ്യുന്ന ഏഴു കാര്യങ്ങളുണ്ട്. അറിവ് പഠിപ്പിക്കുക, പുഴ നിർമിക്കുക, കിണർ കുഴിക്കുക, ഈത്തപ്പന നടുക, പള്ളി നിർമിക്കുക, ഖുർആൻ അനന്തരമായി നൽകുക, മരണാനന്തരം പാപമോചനത്തിനായി പ്രാർഥിക്കുന്ന ഒരു സന്താനമുണ്ടാകുക'' (അൽബസ്സാർ, അബൂനഈം. ഇബ്നു മാജയും ഇബ്നു ഖുസൈമയും അൽപം വ്യത്യാസത്തോടെ ഈ ഹദീസ് നിവേദനം ചെയ്തിട്ടുണ്ട്).

6. നബി വെള്ളത്തിന്റെ വിൽപന വിലക്കുകയും ഉപയോഗിച്ച് മിച്ചം വരുന്ന വെള്ളം ദാനം ചെയ്യണമെന്ന് നിർദേശിക്കുകയും ചെയ്തിട്ടുണ്ട്. ഇബ്നു അബ്ബാസ് നിവേദനം ചെയ്യുന്നു: നബി പറഞ്ഞു: ''വെള്ളം, പുല്ല്, തീ എന്നിവയിൽ ജനങ്ങൾ പങ്കാളിത്താവകാശമുള്ളവരാണ്. അതിന്റെ വില(വിൽപന) നിഷിദ്ധമാണ്" (ഇബ്നുമാജ). (ഒഴുകുന്ന വെള്ളത്തിന്റെ വ്യാപാരമാണ് നബി തടഞ്ഞതെന്ന് പണ്ഡിതന്മാർക്ക് അഭിപ്രായമുണ്ട്). അബൂഹുറയ്റ നിവേദനം ചെയ്ത നബിവചനം ഇങ്ങനെയാണ്: "വെള്ളത്തേക്കാൾ പ്രതിഫലാർഹമായ ദാനമില്ല" (ബൈഹഖി). പ്രവാചകശിഷ്യൻ സഅ്ദുബ്നു ഉബാദ് നബിയുടെ അടുത്ത് വന്ന് ചോദിച്ചു: "എന്റെ മാതാവ് മരിച്ചിരിക്കുന്നു. അവർക്കു വേണ്ടി ഞാനെന്ത് ദാനമാണ് ചെയ്യേണ്ടത്? നബി പറഞ്ഞു: വെള്ളമാണ് ഉത്തമം" (അബൂദാവൂദ്, ഇബ്നുമാജ, ഇബ്നു ഹിബ്ബാൻ). കിണറുകൾ നിർമിച്ച് ജനങ്ങൾക്ക് വെള്ളം ലഭ്യമാക്കാനും അതൊരു തുടരുന്ന ദാനമായി(സ്വദഖത്തുൻ ജാരിയ) നിലനിർത്താനുമായിരുന്നു നബി(സ) നിർദേശിച്ചതെന്ന് ഹദീസ് വ്യാഖ്യാതാക്കൾ വിശദീകരിച്ചിട്ടുണ്ട്. ഇബ്നു അബ്ബാസ് റിപ്പോർട്ട് ചെയ്ത മറ്റൊരു നബിവചനം കാണുക: നബിയുടെ അടുത്ത് ഒരു ഗ്രാമീണൻ വന്ന് ചോദിച്ചു: "സ്വർഗപ്രവേശത്തിന് കാരണമാകുന്ന കർമമെന്താണ് പ്രവാചകരേ? നബി ചോദിച്ചു: വെള്ളം ചുമന്നുകൊണ്ടുവരുന്ന ഒരു പ്രദേശത്താണോ താങ്കൾ ജീവിക്കുന്നത്? അയാൾ പറഞ്ഞു: അതേ. എങ്കിൽ അവിടെ താങ്കൾ വെള്ളം കിട്ടാവുന്ന ഒരു ഭൂമി വാങ്ങി ജലം ലഭിക്കാൻ സംവിധാനമുണ്ടാക്കുക. താങ്കളത് ചെയ്താൽ സ്വർഗം ലഭിക്കാതിരിക്കില്ല" (ത്വബറാനി). അബൂഹുറയ്റ നിവേദനം ചെയ്ത മറ്റൊരു ഹദീസ് വെള്ളം തടയുന്നവനുള്ള താക്കീതാണ്: നബി(സ) പറഞ്ഞു: "മൂന്ന് വിഭാഗത്തെ അന്ത്യദിനത്തിൽ അല്ലാഹു ശ്രദ്ധിക്കുകയോ അവരോട് സംസാരിക്കുകയോ അവരെ ശുദ്ധീകരിക്കുകയോ ചെയ്യുകയില്ല. അവർക്ക് വേദനാജനകമായ ശിക്ഷയാണുണ്ടാവുക. അതിലൊരാൾ മരുഭൂമിയിൽവെച്ച് മിച്ചമുള്ള വെള്ളം വഴിയാത്രക്കാരന് തടഞ്ഞവനാണ്." മറ്റൊരു നിവേദനത്തിൽ ഇങ്ങനെയുണ്ട്: "അല്ലാഹു പറയും, നീ നിന്റെ അധ്വാനം കൊണ്ടല്ലാതെ നേടിയ വെള്ളത്തിൽ മിച്ചമുണ്ടായിരുന്നത് അന്ന് തടഞ്ഞപോലെ ഇപ്പോൾ ഞാൻ എന്റെ ഔദാര്യം നിനക്കും വിലക്കുന്നു" (ബുഖാരി, മുസ്‌ലിം). ബുഹൈസ എന്ന് പേരുള്ള ഒരു സ്ത്രീയുണ്ടായിരുന്നു. അവളുടെ പിതാവ് നബിയുടെ അടുത്ത് വന്ന് ചോദിച്ചു: "പ്രവാചകരേ, ജനങ്ങൾക്ക് തടയാൻ പാടില്ലാത്തതെന്താണ്? നബി പറഞ്ഞു: വെള്ളം. അദ്ദേഹം ചോദ്യമാവർത്തിച്ചു. നബി പറഞ്ഞു: ഉപ്പ്" (അബൂദാവൂദ്). ഇനിയും ധാരാളം നബിവചനങ്ങൾ ഇതു സംബന്ധമായി നിവേദനം ചെയ്യപ്പെട്ടതായി കാണാം. തരിശായി കിടക്കുന്ന ഭൂമി ഉപയോഗക്ഷമമാക്കുന്നതിന് ഇസ്‌ലാമിക നിയമവ്യവസ്ഥ പ്രാധാന്യം നൽകിയിട്ടുണ്ട്. 'മൃതഭൂമിയുടെ പുനരുജ്ജീവനം' എന്നാണതിന് പറയുക. പുനരുജ്ജീവനം (ഇഹ്‌യാഅ്) എന്നതുകൊണ്ടുദ്ദേശിക്കുന്നത് കിണർ കുഴിച്ചുകൊണ്ടോ മറ്റു രീതികളിലൂടെയോ ജലസേചനം നടത്തുകയും കൃഷിയിറക്കുകയും ചെയ്യുകയെന്നാണ്. മൂന്നു വർഷം കൃഷിഭൂമി തരിശിട്ടാൽ ഗവൺമെന്റ് അത് പിടിച്ചെടുക്കും. വ്യക്തികളാണ് അത് പുനരുജ്ജീവിപ്പിക്കുന്നതെങ്കിൽ അതിന്റെ ഉടമസ്ഥത അവർക്ക് വന്നുചേരും. ഈ നിയമം ഭൂമിയിലെ ജലസ്രോതസ്സുകളും കൃഷിയും നിലനിർത്താനുള്ള ആഹ്വാനമാണ്. അധ്വാനിച്ചുണ്ടാക്കിയ സമ്പത്തിൽ ദരിദ്രർക്കും ദുർബല വിഭാഗങ്ങൾക്കും അവകാശമുണ്ടെന്നത് ഇസ്‌ലാമിന്റെ അടിസ്ഥാനാധ്യാപനങ്ങളിൽ പെടുന്നു. സകാത്ത് എന്നാണതിന് പറയുക. എങ്കിൽ, അധ്വാനിക്കാതെ ദൈവത്തിന്റെ വരദാനമായി ലഭിക്കുന്ന ജലസമ്പത്തിൽ ജലദൗർലഭ്യതയനുഭവിക്കുന്നവർക്കുള്ള അവകാശത്തെക്കുറിച്ച് പ്രത്യേകം പറയേണ്ടതില്ല.

കുടിവെള്ളം പോലും കിട്ടാനില്ലാതെ ജനം പൊറുതിമുട്ടുന്ന ജലയുദ്ധകാലത്ത്, ജലചൂഷണവും മലിനീകരണവും ദുർവ്യയവും തടയാനും ജലത്തിന്റെ നീതിപൂർവകമായ വിതരണം ഉറപ്പുവരുത്താനും സത്യവിശ്വാസികൾക്ക് ബാധ്യതയുണ്ട്. ജലം വിൽപനക്കു വെച്ച് ലാഭം കൊയ്യുന്ന മുതലാളിത്ത ലോകത്ത് ജലവിതരണത്തിനു വേണ്ടി കിണറുകളും കുളങ്ങളും കുടിവെള്ള വിതരണ പദ്ധതികളും നിർമിച്ചും ജനസേവനം നടത്താനും കുടിവെള്ളം നിഷേധിക്കപ്പെട്ടവരുടെ പോരാട്ടങ്ങൾക്ക് ശക്തിപകരാനും വിശ്വാസികൾ ശ്രദ്ധക്കേണ്ടതാണ്.■